ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് 14 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും നീറ്റിലിറക്കി. പുതിയ 10 സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. 6 ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. റണ്ണിംഗ് ബോട്ടുകളുടെ റിപ്പയർ ത്വരിതപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ നിലവിലുള്ള സ്ലിപ്പ് വേ നവീകരിച്ച് ഇലക്ട്രിക്ക് വിഞ്ച് സ്ഥാപിച്ചു. ഇതുമൂലം സ്റ്റീൽ ബോട്ടുകൾ ഉൾപ്പെടെയുള്ള ബോട്ടുകളുടെ റിപ്പയർ പണികൾ വേഗത്തിൽ ചെയ്യാൻ കഴിയുന്നുണ്ട്. കൂടുതൽ ബോട്ടുകളുടെ മേജർ റിപ്പയർ വേഗത്തിൽ ചെയ്യാൻ 1.59 കോടി രൂപ മുതൽ മുടക്കിൽ ആലപ്പുഴ പോഞ്ഞിക്കരയിലുള്ള സ്ഥലത്ത് ആധുനിക സ്ലിപ്പ് വേയുടെ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് കരാർ നൽകിയതനുസരിച്ച് നിർമ്മാണപ്രവർത്തനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ നാല് ബോട്ടുകളും രണ്ടാംഘട്ടത്തിൽ, നാലു ബോട്ടുകളും ഉൾപ്പെടെ എട്ട് ബോട്ടുകളുടെ മേജർ റിപ്പയർ വേഗത്തിൽ ചെയ്യാൻ ഇതുമൂലം സാധിക്കുന്നതാണ്. സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇതുകൂടാതെ ബി. എസ്. എൻ. എൽ.-മായി ചേർന്ന് സി. യു. ജി. (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) ഫോൺ സംവിധാനം എല്ലാ ബോട്ടുകളിലും വാർത്താ വിനിമയ സൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി. ബോട്ടുകളിലെ ജീവനക്കാർക്കും യാത്ര ക്കാർക്കും നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. കൂടാതെ ജലഗതാഗത രംഗത്തെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്ത് 14 വർഷമായി നിറുത്തിവച്ചിരുന്ന കൊല്ലം-ആലപ്പുഴ സർവ്വീസ് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 14 വർഷമായി മുടങ്ങിക്കിടന്ന കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

(സി) ബോട്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് നിറുത്തിവച്ച സർവ്വീസുകൾ റീ-ഷെഡ്യൂൾ ചെയ്ത് സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി-എഫ്) സംസ്ഥാന ജലഗതാഗത വകുപ്പിൽ ഉള്ള 26 സ്റ്റീൽ ബോട്ടുകളിൽ, മേജർ റിപ്പയറിനായി മാറ്റിയിട്ടിരിക്കുന്ന 5 എണ്ണം ഒഴിച്ച് മറ്റ് 21 സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഈ വർഷം പത്ത് സ്റ്റീൽ ബോട്ടുകൾ കൂടി നീറ്റിലിറക്കാനുദ്ദേശിക്കുന്നു.

കുളത്തുപ്പുഴ കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

243 (4032) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ, യാത്രക്കാർക്കാവശ്യമായ മൂത്രപ്പുര, വെയിറ്റിംഗ് ഷെഡ്, ജീവനക്കാർ ക്കായുള്ള വിശ്രമമുറി, ഡീസൽ പമ്പ് എന്നിവ അടിയന്തിരമായി നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാര്യത്തിൻമേൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഇതിലേക്കായുള്ള പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) യാത്രക്കാർക്ക് ആവശ്യമായ ഏറ്റവും ആധുനികമായ ഏകദേശം 1400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മൂത്രപ്പുരയുടെ എസ്റ്റിമേറ്റ് പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ കൂടുതൽ വികസനത്തിന്റെ ഭാഗമായി ഇൻസ്പെക്ഷൻ പിറ്റ്, വാഷിംഗ് റാംപ് എന്നിവയുടെ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, ജീവനക്കാർക്കുള്ള വിശ്രമമുറി, പുതിയ ഗ്യാരേജിലേയ്ക്കുള്ള യാർഡിന്റെ ടാറിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നീ ജോലികൾക്കായി 2010-2011-ൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ജോലികളുടെ ടെൻഡർ നടപടികൾ പൂർത്തിയായാൽ മാത്രമേ ടി പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. ഡീസൽ പമ്പ് തുടങ്ങുന്നതിനുള്ള ജില്ലാ കളക്ടറിൽ നിന്നുള്ള അനുമതി, എക്സ്പ്ലോസീവ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള അനുമതി തുടങ്ങിയവ ലഭ്യമാക്കുകയും പമ്പ് സ്ഥാപിക്കുന്നതിനുള്ള പണികൾ തുടങ്ങാൻ IOC ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഭരണിക്കാവ്-വർക്കല റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്നതിന് നടപടി

244 (4033) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഭരണിക്കാവ്-വർക്കല റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബഹുജനങ്ങൾക്ക് വളരെ കൂടുതൽ യാത്രാ സൗകര്യങ്ങൾ നൽകുന്നതും കെ.എസ്.ആർ.ടി.സി.ക്ക് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതുമായ പ്രസ്തുത ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഭരണിക്കാവ്-വർക്കല റൂട്ടിൽ ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധമായി സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. സാദ്ധ്യതാപഠനത്തിൽ ലാഭകരമായി കെ. എസ്. ആർ. ടി. സി. ക്ക് സർവ്വീസ് നടത്തുവാൻ കഴിയുന്ന റൂട്ടാണ് ഇതെന്ന് വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ ബസ്സിന്റെയും, ജീവനക്കാരുടെയും

LIBRARY ARCHIVES Kerala Legislative Assembly